ലേഖനം

ഷിബു മടവൂർ

# ചോദ്യപ്പിശകുകളുടെ സാമുദായിക വർത്തമാനങ്ങൾ




**സാംസ്കാരിക** ബഹുത്വവും മതേതര പെരുമയും കൊട്ടിഘോഷിക്കുന്ന നാടാണ് നമ്മുടേത്. ചരിത്രപരമായ നിരവധി സാംസ്കാരിക വിനിമയങ്ങളിലൂടെ ആർജിച്ച പൈതൃകവും വ്യത്യസ്ത മത ധാരകളുടെയും ദർശനങ്ങളുടെയും സാന്നിധ്യവും അധ്യാപനങ്ങളും സജീവമായി നിലകൊള്ളുന്ന കേരളത്തിന്റെ സമകാലിക വർത്തമാനങ്ങൾ പക്ഷേ അങ്ങേയറ്റം ആശങ്കാ നിർഭരമാണ്. ഒരു ഭാഗത്ത് ഒരു സമുദായം ഒന്നായി ദേശക്കൂറിന്റെ പേരിൽ തൃശൂലമുനയിൽ വിചാരണ ചെയ്യപ്പെടുമ്പോൾ മറുവശത്ത് അതേ സമുദായം സാംസ്കാരികമായ കൈയേറ്റങ്ങൾക്ക് ഇരയാവുന്നതും പതിവായി ത്തീർന്നിരിക്കുന്നു. ഏറ്റവുമൊടുവിൽ തൊടുപുഴയിലാണ് ചോദ്യപേപ്പറിന്റെ രൂപത്തിൽ മുസ്ലിം കേരളം ക്രൂരമായി അപമാനിക്കപ്പെട്ടിരിക്കുന്നത്.

കോതമംഗലം രൂപതക്ക് കീഴിലുള്ള തൊടുപുഴയിലെ ന്യൂമാൻ ഗവ. എയ്ഡഡ് കോളേജിലാണ് സംഭവം. ബി.കോം പരീക്ഷയുടെ പാർട്ട് സെക്കന്റ് മലയാളം പേപ്പറിലാണ് പ്രവാചകനെ കഥാപാത്രമാക്കിയുള്ള പച്ചപ്പരിഹാസം അടിച്ചുവന്നത്. പി.ടി കുഞ്ഞുമുഹമ്മദിന്റെ ഒരു തിരക്കഥയിലെ ഭ്രാന്തനായ മുസ്ലിം കഥാപാത്രത്തിന്റെ സംഭാഷണം 'മുഹമ്മദ്' എന്ന പേരിൽ പുനരാവിഷ്കരിക്കാനായിരുന്നു മലയാളം വിഭാഗം മേധാവിയുടെ ശ്രമം. മതവിശ്വാസങ്ങളെ വ്രണപ്പെടുത്താനോ ആക്ഷേപിക്കാനോ ഉദ്ദേശിച്ചുള്ളതായിരുന്നില്ല എന്നായിരുന്നു ബന്ധപ്പെട്ടവരുടെ ആദ്യ വിശദീകരണം. സംഗതി വിവാദമായതോടെ മേധാവി ഒളിവിൽ പോയി.

നിർദോഷമെന്ന് കരുതി അത്രയൊന്നും ശ്രദ്ധിക്കാതെ കൈകാര്യം ചെയ്തതുകൊണ്ട് സംഭവിച്ച കൈപ്പിഴയാണെന്ന് പറഞ്ഞ് ഒഴിഞ്ഞുമാറാൻ പറ്റിയേക്കും. പക്ഷേ, അപ്പോഴും നിരവധി ചോദ്യങ്ങൾ അഭിമുഖീകരിക്കേണ്ടിവരും. ഒരു വലിയ വിഭാഗം ജനങ്ങൾ മഹിതമെന്ന് കരുതുന്ന ഒരു വിശ്വാസക്രമത്തെ, ഇസ്ലാമെന്ന് കേട്ടാൽ ആദ്യം മനസ്സിലേക്കോടിയെത്തുന്ന ഒരു പവിത്ര നാമത്തെ 'നിർദോഷമായി' ഇത്രക്കും മ്ലേഛമായി ചിത്രീകരിക്കാൻ എങ്ങനെ മനസ്സ് വന്നു? ചോദ്യപേപ്പറിലെ ആക്ഷേപാർഹമായ പരാമർശത്തെക്കുറിച്ച് കൈപ്പിഴ എന്ന വിശദീകരണത്തെ സംശയാസ്പദമെ

ന്നല്ല, അതിസംശയാസ്പദമെന്ന് വിശേഷിപ്പിക്കണം. ഇനി കൈപ്പിഴയാണെങ്കിൽതന്നെ അയാൾ ഒളിവിൽ പോകേണ്ട കാര്യമെന്ത്? തനിക്ക് തെറ്റ് പറ്റിയെന്ന് മാപ്പ് ചോദിച്ച് പ്രശ്നം പരിഹരിക്കാനല്ലേ ശ്രമിക്കേണ്ടത്? ഏതൊരു കോളേജിനും ആഭ്യന്തര പരീക്ഷകളുടെ നടത്തിപ്പിന് ചുമതലയുള്ള ഒരു എക്സാം ഗവേണിംഗ് ബോഡിയുണ്ടാകും. ചോദ്യപേപ്പറുകളുടെ അന്തിമ പരിശോധനയും പരീക്ഷാ നടത്തിപ്പുമൊക്കെ ഈ ബോഡിയുടെ ഉത്തരവാദിത്വമാണ്. ഇത്രയും രൂക്ഷമായ മതനിന്ദയുള്ള ചോദ്യഭാഗങ്ങൾ ഒന്നിലധികം അംഗങ്ങളുള്ള പ്രസ്തുത ബോഡി എന്തുകൊണ്ട് കാണാതെ പോയി? ഇങ്ങനെ ഉത്തരം കിട്ടാത്ത നിരവധി ചോദ്യങ്ങൾ ഒരു ഭാഗത്ത്. പോലീസിന്റെ നടപടികളാകട്ടെ അവയും സംശയാസ്പദം. തർക്കപരിഹാരത്തിന് വിളിച്ചുചേർത്ത സർവകക്ഷി യോഗത്തിൽ മാനേജ്മെന്റിനെ അനുകൂലിച്ച് ബി.ജെ.പി നേതാവ് സംസാരിച്ചതോടെ, സംഭവം ഹിന്ദു-മുസ്ലിം പ്രശ്നമായി വഴിതിരിച്ചുവിട്ട് രൂപതക്ക് കീഴിലുള്ള കോളേജിനെ രക്ഷിക്കാനായി ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ ശ്രമം. സാധാരണയായി പ്രശ്ന സാഹചര്യങ്ങളിൽ കോളേജിനടുത്തുള്ള ആരാധനാലയങ്ങൾക്ക് മുമ്പിലെ റോഡിൽ കൂടി പ്രകടനങ്ങളൊന്നും അനുവദിക്കാത്ത പോലീസ്, കോളേജിനെതിരെ നടന്ന പ്രകടനങ്ങളെല്ലാം ഇതേ വഴിയിലായിരുന്നിട്ടു കൂടി തടഞ്ഞില്ല എന്നതും സാന്ദർഭികമായി ചേർത്തുവായിക്കേണ്ടതാണ്.

തലമുറകൾക്ക് വെള്ളവും വെളിച്ചവുമേകുന്ന വിദ്യാഭ്യാസ പ്രക്രിയയുടെ ഭാഗമായ ചോദ്യക്കടലാസുകളിൽ പോലും മതനിന്ദ ചോദ്യരൂപത്തിൽ കടന്നുവന്നിരിക്കുകയാണ്. ചട്ടമ്പികളുടെയും തെരുവ് റൗഡികളുടെയും ഭ്രാന്തന്മാരുടെയും ജൽപനങ്ങളും പൂരപ്പാട്ടുകളും വള്ളിപുള്ളി വിടാതെ ഒരു പ്രത്യേക മതവിഭാഗത്തിന്റെ അക്കൗണ്ടിൽ ചോദ്യങ്ങളായി പരിണമിക്കുമ്പോൾ, നിസ്സംഗതയിൽ അഭയം തേടുന്ന പൊതുസമൂഹ മനോഘടനയും സാംസ്കാരികമായി രോഗ ബാധിതം തന്നെയാണ്. സാംസ്കാരികമായ ഈ കൈയേറ്റം ആദ്യമായല്ല നടക്കുന്നത്. ജിഹാദിനെ രാഷ്ട്രീയമായി വിചാരണ ചെയ്ത് സമുദായത്തെ അംഗഛേദം വരുത്താൻ ശ്രമിച്ചവരുടെ അടുത്ത ലക്ഷ്യം, ജിഹാദിനെ സാംസ്കാരികമായി ആക്രമിക്കുക എന്നതായിരുന്നു. ഇതിന്റെ ഫലമായിരുന്നു ഏതാനും മാസങ്ങൾക്കു മുമ്പ് കൊട്ടിഘോഷിക്കപ്പെട്ട ലൗ ജിഹാദ്. സാംസ്കാരികമായ കൈയേറ്റങ്ങളും ദേശീയതയിൽനിന്നുള്ള അപരവത്കരണവും ഏതൊരു സമൂഹത്തെയും അസ്ഥിരമാക്കുമെന്ന ആർ.എസ്.എസ് തത്ത്വസംഹിതയായ *വിചാരധാര*യെ അറിഞ്ഞോ അറിയാതെയോ നമ്മുടെ പൊതുബോധവും നെഞ്ചേറ്റിയിരിക്കുന്നു. തിരുവനന്തപുരം വിമാനത്താവളത്തിലെത്തിയ കിംഗ് ഫിഷർ വിമാനത്തിൽ ബോംബ് കണ്ടെത്തിയത് 'നാടൻ പടക്കമായി' രൂപാന്തരപ്പെടാൻ അധികം താമസമുണ്ടായില്ല. പ്രതിയെ തിരിച്ചറിഞ്ഞതോടെയാണ് കാര്യങ്ങൾ മാറിമറിഞ്ഞത്. മാനേജ്മെന്റിനോടുള്ള വിദ്വേഷം കൊണ്ടാണ് പ്രതി പടക്കം വിമാനത്തിൽ വെച്ചതെന്ന് പോലീസ് കൂളായി പറയുന്നു. പ്രതി മുസ്ലിം നാമധാരിയായിരുന്നെങ്കിൽ അറേബ്യൻ ഉത്തരീയത്തിൽ പൊതിഞ്ഞ മുഖവും അനുബന്ധമായി കുറെ വിഭ്രാത്മക കഥകളും പൊലിപ്പിച്ച വാർത്തകളും ഇന്റലിജൻസ് സൂചനകളും മലയാളി അഭംഗുരം കാണുകയും കേൾക്കുകയും ചെയ്യേണ്ടിവരുമായിരുന്നു.

ഈയടുത്ത് കൊച്ചിയിൽ ഭീകരാക്രമണത്തെക്കുറിച്ച് ഫോൺ സന്ദേശങ്ങൾ വന്നതോടെ വായിലൊതുങ്ങാത്ത അറേബ്യൻ പേരുകൾ വെച്ചു കാച്ചാൻ പോലീസും മാധ്യമങ്ങളും ഒരു മടിയും കാട്ടിയില്ല. ഫോൺ സന്ദേശത്തിന്റെ ഉറവിടം വ്യക്തമായതോടെ 'സദുദ്ദേശ'ത്തോടെയായിരുന്നു എന്ന നാലക്ഷരത്തിൽ കേസുകെട്ടുകളും വിശകലനങ്ങളും കുഴിച്ചുമൂടി ബന്ധപ്പെട്ടവർ കൈകഴുകി.

തടിയന്റവിട നസീറും ലൗ ജിഹാദും സൂഫിയയും ഒരു നീണ്ട കാലയളവ് മുസ്ലിം സമുദായത്തെ കുരിശിലേറ്റി. അതോടെ മുസ്ലിമെന്നത് സംശയിക്കേണ്ടതോ പരിഹസിക്കപ്പെടേണ്ടതോ ആയ ഒന്നാണെന്ന ധാരണ സമൂഹത്തിന്റെ മനോഘടനയിൽ വേരൂന്നാൻ തുടങ്ങി. അതിന്റെ ഏറ്റവും ഒടുവിലെ ഉദാഹരണമാണ് തൊടുപുഴയിലെ ന്യൂമാൻ കോളേജിലെ മലയാളം ചോദ്യക്കടലാസ്. ഒരു ഭാഗത്ത് ദേശീയമായ അന്യവത്കരണവും മറുഭാഗത്ത് സാംസ്കാരികമായ അശ്വമേധങ്ങളും അരങ്ങുവാഴുന്ന സമകാലിക ദുരിത പർവങ്ങൾക്കു മുന്നിൽ മലയാളത്തിലെ ഒരു കവി അക്കാലത്തെ അടിച്ചമർത്തപ്പെട്ടവരോട് ആഹ്വാനം ചെയ്ത വരികൾ ഏറെ പ്രസക്തമാണ്.

കുഴി വെട്ടി മൂടുക വേദനകൾ...
കുതി കൊൾക ശക്തിയിലേക്ക് നമ്മൾ... ■